# അന്ത്യ പ്രവാചകനെ പിന്തുണക്കാൻ 100 മാർഗ്ഗങ്ങൾ

## مائة وسيلة لنصرة المصطفى صلى الله عليه وسلم


## അന്ത്യ പ്രവാചകൻ(ﷺ)യെ പരിചയപ്പെടുത്താനുള്ള അന്താരാഷ്ട്ര സമിതി

**വിവർത്തനം: സുമയ്യ മനാഫ് അരീക്കോട്**

مترجم: سمية مناف اريكود

പരിശോധന: മുഹമ്മദ് സിയാദ്, കണ്ണൂർ

مراجعة : محمد سياد كانور

**International committee for the support of the final prophet (ICSFP)**
**http://www.whymuhammad.com/en/**
**Email:** info@icsfp.com
**1090 Vermont Avenue, NW, Washington, DC 20005, USA**
**Fax: +12539819150**



**കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്**
**റബ്‌വ - റിയാദ് - സൗദി അറേബ്യ**

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض، المملكة العربية السعودية

IslamHouse.com

**1432 – 2011**

بِسْمِ اللهِ الرَّحْمَنِ الرَّحِيم

സകല ലോകങ്ങളുടെയും അധിപനായ
അല്ലാഹുവിന് സ്തുതി. അല്ലാഹുവിന്റെ രക്ഷയും
സമാധാനവും പ്രവാചകനിലും, കുടുംബത്തിലും
അനുയായികളിലും വർഷിക്കുമാറാകട്ടെ.

ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ പ്രഥമമായത് അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലാ എന്ന വിശ്വാസവും മുഹമ്മദ്(ﷺ) അല്ലാഹുവിന്റെ അന്ത്യപ്രവാചകനാണെന്ന സാക്ഷ്യം വഹിക്കലുമാണ്. ഈ സാക്ഷ്യം വഹിക്കലിന്റെ ആദ്യ പകുതി ഏകദൈവ വിശ്വാസവും രണ്ടാം പകുതി മുഹമ്മദ്(ﷺ) അല്ലാഹുവിന്റെ പ്രവാചകനാണെന്നുള്ള പ്രഖ്യാപനവുമാണ്.താഴെ പറയുന്ന സംസ്കൃതികളെ വളർത്തിഎടുക്കുന്നതിലൂടെ മാത്രമേ ഈ സാക്ഷ്യത്തിന്റെ രണ്ടാം പകുതിയുടെ യാഥാർത്ഥ്യം നമ്മുടെ ഹൃദയങ്ങൾക്ക് പൂർണാർത്ഥത്തിൽ ബോധ്യമാവുകയുള്ളൂ.

1. **വിശ്വാസം:** പ്രവാചകൻ(ﷺ) നമുക്ക് ബോധനം നൽകിയ എല്ലാ കാര്യങ്ങളിലും പൂർണ്ണമായി വിശ്വസിക്കുക. ആത്യന്തികമായി നാം വിശ്വസിക്കേണ്ടത്: ഖുർആനിലൂടെ അവതീർണ്ണമായവയും തിരുചര്യയിലൂടെ സാക്ഷാത്ക്കരിക്കപ്പെട്ടതുമായ അല്ലാഹുവിന്റെ മാർഗദർശനം മനുഷ്യകുലത്തിനാകെ എത്തിക്കാൻ അല്ലാഹുവിനാൽ അയക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാണ് മുഹമ്മദ്(ﷺ)എന്നതാണ്. അതാണ്

ഇസ്‌ലാം മതം. ഇസ്‌ലാമല്ലാത്ത ഒരു മതവും തന്റെ അടിമകളിൽ നിന്ന് അല്ലാഹു സ്വീകരിക്കുകയില്ല.

2 **അർപ്പണം,അനുസരണം:** പ്രവാചക(ﷺ)ന്റെ എല്ലാ ആജ്ഞകളും പരിപൂർണ്ണമായി കൈകൊള്ളുകയും അതിന് കീഴടങ്ങുകയും ചെയ്യുക. പ്രവാചകചര്യ പൂർണ്ണമായി പിൻപറ്റുകയും അതിന്റെ വിപരീത മാർഗത്തോട് വിമുഖത കാണിക്കുകയും അവ വർജ്ജിക്കുകയും ചെയ്യുക.

3 **പ്രവാചക സ്നേഹം:** പ്രവാചക(ﷺ)നെ പരിണയിക്കുക. ഈ ലോകത്ത് നാം സ്നേഹിക്കുന്ന മറ്റെന്തിനേക്കാളും മാതാപിതാളെക്കാളും സന്താനങ്ങളെക്കാളും. ഈ വഴി മാത്രമേ നമുക്ക് പ്രവാചക(ﷺ)നോടുള്ള നമ്മുടെ പ്രണയത്തിന്റെ ആദരവും വ്യത്യാസ്തതയും പ്രകടിപ്പിക്കാനാവൂ. ഈ അനിർവചനീയ സ്നേഹത്തിനു മാത്രമേ പ്രവാചകനർഹിക്കുന്ന സ്നേഹം പകരാൻ നമുക്കാവൂ. ഇതിൽ കൂടെ മാത്രമേ ആചര്യയിലൂടെ മുന്നേറാനുള്ള ആർജ്ജവം നമുക്ക് ലഭിക്കുകയുള്ളൂ.ഈ അനിർവ്വചനീയ്യ ആദരത്തിൽ നിന്നേ യഥാർത്ഥമായ പിൻപറ്റൽ സാദ്ധ്യമാവൂ എന്നോർക്കുക.

സത്യവിശ്വാസികളിൽ അർപ്പിതമായിരിക്കുന്ന കടമ എന്നത് നമ്മുടെ സാക്ഷ്യപ്രമാണത്തെ യാഥാർത്ഥമായി തിരിച്ചറിഞ്ഞ് പ്രയോഗവൽക്കരിക്കലാണ്. മുഹമ്മദ് (ﷺ)അല്ലാഹുവിന്റെ തിരുദൂതരാണ് എന്നത് നമ്മുടെ ഹൃദയങ്ങളിൽ രൂഢമൂലമാക്കപ്പെടണം.മുനാഫിഖുകൾ (കപടവിശ്വാസികൾ) പ്രവാചകനോട് “തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതനാണന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു” എന്നു പറഞ്ഞു. അതിന് അല്ലാഹു ഇങ്ങ

നെ കൽപ്പനയിറക്കി. "അല്ലാഹുവിനറിയാം തീർച്ചയായും നീ അവന്റെ ദൂതനാണെന്ന്. തീർച്ചയായും മുനാഫിഖുകൾ(കപടവിശ്വാസികൾ)കള്ളം പറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു." (വിശുദ്ധ ഖുർആൻ - സൂ: മുനാഫിഖൂൻ: 1)

മുസ്ലിമെന്ന നിലയിൽ പ്രവാചകസ്നേഹം നില നിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രവാചകനോടുള്ള നമ്മുടെ ധർമ്മം നിർവ്വഹിക്കുന്നതിനും നിരവധി കാര്യങ്ങൾ നമുക്ക് ചെയ്യാനാകും. ഈ സത്യമാർഗ പ്രകാശന വേളയിൽ പ്രവാചകൻ(ﷺ) ഏറ്റുവാങ്ങിയ പീഢന പർവ്വങ്ങൾ നാം ദർശിച്ചതാണ്.അതിൽ നമുക്ക് നൽകാനുള്ള മോചന ദ്രവ്യം,പ്രവാചകചര്യയുടെ പിൻപറ്റലല്ലാതെ മറ്റൊന്നുമല്ല– നമ്മിലൂടെ നമ്മുടെ പ്രിയപ്പെട്ടവരിലൂടെ, നമ്മുടെ സമ്പത്തിലൂടെ നാനാതരമായ നമ്മുടെ കഴിവുകളിലൂടെ ആ തിരുചര്യ നിറവേറ്റുകയും പ്രചരിപ്പിക്കുകയും ചെയ്യുക. നാമെല്ലാവരും ഈ കർത്തവ്യം പുലർത്തുന്നതിന്ന് നമ്മളാൽ സാദ്ധ്യമായ സർവ്വ വിധ വഴിയിലൂടെയും ശ്രമിക്കേണ്ടതുണ്ട്.

## വ്യക്തിഗത പ്രവർത്തനങ്ങൾ

1. മുഹമ്മദ് നബി(ﷺ) അല്ലാഹുവിന്റെ പ്രവാചകനാണെന്നുള്ള അനിഷേധ്യമായ പ്രഖ്യാപിത തെളിവുകളെ നമുക്ക് ഏകാഗ്രതയോടെ ധ്യാനിക്കാം. ആ തെളിവുകളുടെ പ്രഥമ ഉറവിടം ഖുർആനല്ലാതെ മറ്റൊന്നുമല്ല.

2. ഖുർആനും, തിരുചര്യയും ലോക മുസ്ലിംകളുടെ പൊതുസമ്മതമാർന്ന അഭിപ്രായങ്ങളും പഠനവിധേയമാക്കാം.ഈ പഠനത്തിലൂടെ നാമാർജ്ജിക്കുന്നത് പ്രവാ

ചകനോടുള്ള അനുസരണയും അദ്ദേഹത്തിന്റെ അതിവിശിഷ്ട മാതൃകകളെ അനുധാവനം ചെയ്യലുമാണ്.

3. നമുക്ക് അല്ലാഹു എപ്രകാരമാണ് തന്റെ ദൂതന്റെ ചര്യയെ സംരക്ഷിച്ചത് എന്ന് മനസ്സിലാക്കാം. നൂറ്റാണ്ടുകളായി പണ്ഡിതൻമാരും പ്രവാചക അനുയായികളും ഈ തിരുചര്യ പുലർത്താനും അത് അമൂല്യമായി നിലനിർത്താനും നടത്തിവരുന്ന കഠിനമായ യജ്ഞങ്ങളെക്കുറിച്ച് നാം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യണം. ഈ ചര്യ കളങ്കവൽക്കരിക്കപ്പെടാതിരിക്കാനും അത് ആധികാരികമായി പിന്തുടരുവാനും ഏത് പ്രതിസന്ധിയിലും അവർ ജാഗരൂകരായി. ലോകത്ത് മറ്റൊരു സംസ്കാരവും താങ്കളുടെ വിശ്വാസ പ്രമാണങ്ങൾ അതിജീവിക്കാനും നിലനിർത്താനും ഇത്രമേൽ ദുഷ്കരമായ പ്രതിസന്ധികളെ നേരിടുകയോ നിലനിർത്തുകയോ ചെയ്തിട്ടില്ല എന്ന് ചരിത്ര സത്യങ്ങൾ തെളിവ് നിരത്തുന്നു.

4. പ്രവാചക(ﷺ)ന്റെ പുണ്യവിശേഷങ്ങളാൽ സദാസമയവും നമ്മുടെ ഹൃദയങ്ങൾ സംസ്കരിക്കപ്പെടണം.ആ പ്രവാചക ധവളിമ നമ്മുടെ മനസ്സിനെ പ്രശോഭിതമാക്കട്ടെ.. ഫലവത്തായ ആ ജീവിതത്തെയും മഹിമയേറിയ ആ സ്വഭാവ സദ്ഗുണങ്ങളെക്കുറിച്ചും നാം കൂടുതൽ പഠിക്കുക. അപ്പോൾ ഒരു മനുഷ്യന് പ്രാപിക്കാൻ പറ്റുന്ന എല്ലാ സദ്ഗുണങ്ങളുടെയും മൂർത്തീകരണമായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെന്ന് നമുക്ക് ബോധ്യമാവും.

5. പ്രവാചക ജീവിതാപഗ്രഥനം നമ്മെ അദ്ദേഹത്തോട് എത്രമാത്രം കടപ്പെട്ടവരാക്കുന്നു? എത്ര ഉത്കൃഷ്ടമായ ഒരു ജീവിതപാതയാണ് ആ മഹാനുഭാവാൻ നമുക്ക് തുറന്നു തന്നത്?- സത്യമതം അദ്ദേഹമാണ് നമുക്ക് അ

റിയിച്ചത്. അദ്ദേഹത്തിന്റെ കർത്തവ്യം അതി വിശിഷ്ടമായി അദ്ദേഹം നിർവ്വഹിച്ചു.അല്ലാഹുവിലുള്ള പരിപൂർണ്ണ അർപ്പണബോധത്തോടെ തന്റെ നാഥന്റെ സന്ദേശം അദ്ദേഹം നമുക്കെത്തിച്ചു തന്നു.

6. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങൾക്ക് നാം കടപ്പെട്ടിരിക്കുന്നത് പ്രവാചക(ﷺ)നോടാണ്. കാരണം ഈ ലോക വിജയവും പാരത്രിക വിജയവും നേടാനുള്ള മാർഗദർശനം നമുക്കേകിയത് ആ തിരുസാന്നിധ്യമാണ്.മറ്റൊരു പ്രവാചകനും നൽകാത്ത അനുഗ്രഹങ്ങൾ അല്ലാഹു നൽകിയത് പുണ്യപ്രകീർത്തനായ ഈ തിരുവര്യനല്ലാതെ മറ്റാർക്കുമല്ല.

7. പ്രവാചക(ﷺ)ന്റെ കരുണയും അനുഭാവവും നാമെപ്പോഴുമോർക്കുക. തന്റെ അനുയായികളുടെ ക്ഷേമൈശ്വര്യങ്ങൾക്കായി അത്യധികം കരുതലോടെ വർത്തിച്ച പ്രവാചക(ﷺ)ന്റെ സ്നേഹത്തിന് ഖുർആൻ സാക്ഷ്യം വഹിക്കുന്നത് ഇങ്ങനെ. “പ്രവാചകൻ സത്യ വിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു. (വിശുദ്ധ ഖുർആൻ - സൂ: അഹ്സാബ്: 6)

8. പ്രവാചകൻ(ﷺ)യെ അടുത്തറിയാൻ നാം ഖുർആൻ വാക്യങ്ങളിൽ പ്രവാചക പോരിശ ചർച്ച ചെയ്തത് ദർശിക്കുക. അല്ലാഹുവിന്റെ അടുക്കൽ പ്രവാചക(ﷺ)ന്റെ സ്ഥാനവും പദവിയും എത്ര എന്ന് അറിയുമ്പോൾ നമ്മുടെ മനം പ്രവാചക പ്രേമത്താൽ തുടിക്കുക തന്നെ ചെയ്യും.

9. പ്രവാചക(ﷺ)നെ സ്നേഹിക്കാൻ നമുക്ക് അല്ലാഹുവിന്റെ കൽപന ശിരസ്സാവഹിക്കാം. നാം നമ്മെ സ്നേഹിക്കുന്നതിലുപരി പ്രവാചക(ﷺ)നെ സ്നേഹിക്കുക.പ്ര

വാചകൻ(ﷺ) ഇങ്ങനെ അരുളി. ‘‘നിങ്ങളോരോരുത്തരും തന്റെ സ്വന്തത്തേക്കാളും,മാതാപിതാക്കളെക്കാളും മനുഷ്യ കുലത്തെക്കാളും പ്രിയപ്പെട്ടതായി എന്നെ കാണുന്നത് വരെ യഥാർത്ഥ വിശ്വാസികളാവുകയില്ല.’’

10. പ്രവാചക(ﷺ)നോടുള്ള നമ്മുടെ ബഹുമാനം പ്രോജ്ജ്വലമാകുന്നതിന് അല്ലാഹുവിന്റെ കൽപനയിതാ. അല്ലാഹു പറയുന്നു. ‘‘സത്യവിശ്വാസികളേ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന്റെ മീതെ നിങ്ങൾ ഉയർത്തരുത്. അദ്ദേഹത്തോടു സംസാരിക്കുമ്പോൾ നിങ്ങൾ അന്യോന്യം ഒച്ചയിടുന്ന പോലെ ഒച്ചയിടുകയും ചെയ്യരുത്. നിങ്ങളറിയാതെ തന്നെ നിങ്ങളുടെ കർമ്മങ്ങൾ നിഷ്ഫലമായിപ്പോകാതിരിക്കാൻ വേണ്ടി. (വിശുദ്ധ ഖുർആൻ - സൂ: ഹുജറാത്ത്:2)’’

11. അല്ലാഹുവിന്റെ പ്രവാചക(ﷺ)നെ പ്രതിരോധിച്ചുകൊണ്ട് അദ്ദേഹത്തിനെതിരേ അപകീർത്തികൾ ചൊരിയുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും അദ്ദേഹത്തെ സംരക്ഷിച്ചു കൊണ്ട് അല്ലാഹുവിന്റെ കൽപന നമുക്ക് ശിരസ്സാ വഹിക്കാം. അല്ലാഹു പറയുന്നു: ‘‘അല്ലാഹുവിലും അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവാനും അവനെ നിങ്ങൾ സഹായിക്കുവാനും ആദരിക്കുവാനും....’’ (വിശുദ്ധ ഖുർആൻ - സൂ: ഫത്ഹ്: 9)

12. നാം നമ്മുടെ ഹൃദയങ്ങളിൽ പ്രവാചക(ﷺ)നോടുള്ള ആദരവും അനുസ്യൂതമായ ആത്മാർത്ഥതയും പരിലാളനയും സ്നേഹവും വളർത്തിയെടുക്കുകയും ആ പ്രോജ്ജ്വല ജീവിതം മറ്റുള്ളവരിലേക്കും പ്രസരിപ്പിക്കുകയും ചെയ്യുക.

13. ആരൊരാൾ ഇസ്ലാമിനെ പരിപാവനമായി പ്രാവർത്തികമാക്കിയോ, ആരൊരാൾ പ്രവാചക(ﷺ)ന്റെ ചര്യ സ്വന്തം ജീവിതത്തിൽ പകർത്തിയോ അവന്നായിരിക്കും അന്ത്യവിധിയുടെ നാളിൽ, കരഗതമാക്കാനിരിക്കുന്ന അനുഗ്രഹങ്ങളും വിജയങ്ങളും. അവൻ സ്വർഗത്തിൽ തിരുദൂതരോട് ഏറ്റവും അടുത്തിരിക്കും. "നിങ്ങൾ ആരെ സ്നേഹിച്ചുവോ അവരോടൊപ്പമായിരിക്കും എന്ന് പ്രവാചകൻ(ﷺ) അരുളുന്നു."

14. പ്രവാചക(ﷺ)ന്റെ മേലുള്ള പ്രകീർത്തനങ്ങൾ അധികരിപ്പിക്കുക. ഏതുനിമിഷം നാം പ്രവാചക(ﷺ)നെ അനുസ്മരിക്കുന്നുവോ ആ വേളകളിലെല്ലാം പ്രത്യേകിച്ച്, നമസ്കാരത്തിന്നുള്ള വിളികൾക്ക് (ബാങ്ക്) ശേഷവും, വെള്ളിയാഴ്ചകളിലും. ഇത് അല്ലാഹുവിന്റെ അനുഗ്രഹവർഷം അതികരിക്കുന്നതിന്ന് ഇടയാക്കും.

15. ആധികാരിക കേന്ദ്രങ്ങളിൽ നിന്നുള്ള പ്രവാചക(ﷺ)ന്റെ ജീവിത ചരിത്രം ആവർത്തിച്ചു വായിക്കുക. അതിൽനിന്നുള്ള ഉപദേശങ്ങളും പാഠങ്ങളിലൂടെയും നാം ജീവിതം ധന്യമാക്കുക.ഈ പാഠങ്ങൾ ജീവിത്തിൽ ഉൾക്കൊണ്ട് നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുക.

16. പ്രവാചകൻ(ﷺ)യുടെ ചര്യയും ഹദീസും ആധികാരിക കേന്ദ്രങ്ങളിൽ നിന്നും പഠിക്കുക.ഹദീസുകൾ ഹൃദിസ്ഥമാക്കുകയും അവയിലെ വിധികൾ കൃത്യമായി മനസ്സിലാക്കുകയൂം വേണം.

17. നിത്യജീവിതത്തിൽ നാം അനുഷ്ഠിക്കൽ നിർബന്ധമായവക്ക് മുൻഗണന നൽകി തിരുസുന്നത്തിനെ അതിന്റെ പൂർണ്ണതയോടെ നാം പിൻപറ്റുക.

18. നമുക്ക് ചെയ്യൽ നിർബന്ധമല്ലാത്ത കാര്യങ്ങളിൽ പോലും തിരു സുന്നത്തിന്റെ അരുൾപാടുകൾ പകർത്തുവാൻ ശ്രമിക്കുക. നമ്മുടെ ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും പ്രവാചകചര്യ പാലിക്കാനാകുമെങ്കിൽ അത് അദ്ദേഹത്തിന്റെ ജീവിതചര്യയുടെ മുഴുവൻ അംശങ്ങളും പിൻപറ്റുന്നതിന് സഹായകമാകും.

19. പ്രവാചകൻ(ﷺ)യുടെ ചര്യയോട് അനാദരവ് കാണിക്കപ്പെടുന്ന വേളകളൊഴിവാക്കാൻ നാമെപ്പോഴും ജാഗരൂകരായിരിക്കുക.

20. അന്യരിൽ തിരുസുന്നത്ത് പാലിക്കപ്പെടുന്നത് ദൃശ്യമാവുന്ന ഓരോ സന്ദർഭങ്ങളിൽ നാം സായൂജ്യമടയുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക.

21. തിരുസുന്നത്ത് അവഗണിക്കപ്പെടുന്ന സാഹചര്യങ്ങളിൽ നിന്നും അകന്നു നിൽക്കുകയും അതിൽ മാനസിക വിഷമം അനുഭവിക്കുകയും ചെയ്യുക.

22. പ്രവാചകചര്യ നിന്ദിക്കുന്നവരോടും അതിൽ അതൃപ്തി കാണിക്കുന്നവരോടും അകൽച്ച കാണിക്കുക.

23. പ്രവാചക കുടുംബത്തോടും പ്രവാചക പിൻഗാമികളായ വിശ്വാസികളോടും അവരുടെ പത്നിമാരോടും നാം ആദരവും സ്നേഹവും പ്രകടിപ്പിക്കണം.അല്ലാഹുവിന്റെ ചാരത്തെത്തുവാൻ ഇത് നമ്മെ പ്രാപ്തരാക്കും. അല്ലാഹുവിന്റെ സാമീപ്യം ഏറ്റവും കൂടുതലായി ലഭ്യമായവർ പ്രവാചക(ﷺ)ന്റെ കുടുംബവും അനുയായികളുമാണ്. അതിനാൽ ഈ അനുയായികളാരെങ്കിലും സത്യമാർഗത്തിൽ നിന്നും വ്യതിചലിക്കുമ്പോൾ അവരെ തിരികെ നയിക്കുന്നത് അല്ലാഹുവും നബി(ﷺ)യും ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നതാണ്. ഒരിക്കൽ ഖത്താ

ബിന്റെ മകൻ ഉമർ(ﷺ) പ്രവാചകപിതൃവ്യനായ അബ്ബാസ്(ﷺ)നോട് ഇങ്ങനെ പറഞ്ഞു. "ഓ അബ്ബാസ് താങ്കൾ ഇസ്ലാം പുൽകിയ ദിവസം അൽ ഖത്താബ് ഇസ്ലാം പുൽകിയ ദിവസത്തേക്കാൾ എനിക്ക് പ്രിയങ്കരമാകുന്നു. കാരണം ഇത് മാത്രം എനിക്കറിയാം.താങ്കളിലെ ഇസ്ലാം ആശ്ലേഷം അല്ലാഹുവന്റെ പ്രവാചക(ﷺ)ന് ഉമറി(ﷺ)ന്റേതിനേക്കാൾ അത്രമേൽ ഇഷ്ടവും സന്തോഷവും പകർന്നു നൽകി."

24. പ്രവാചക(ﷺ)ന്റെ കുടുംബത്തെപ്പറ്റി അവിടുന്ന് തന്നെ നിർദ്ദേശിച്ചു തന്നതനുസരിച്ച് നമുക്ക് പ്രവർത്തിക്കാം. പ്രവാചകൻ(ﷺ) മൂന്ന് തവണ ആവർത്തിച്ചു പറഞ്ഞു: "എന്റെ കുടുബത്തിന്നു മേൽ അല്ലാഹുവിനുള്ള അവകാശത്തെപ്പറ്റി ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു."

25. പ്രവാചക സ്വഹാബത്തിനോട് നാം സ്നേഹാദരവുകൾ വെച്ചു പുലർത്തുകയും അല്ലാഹുവിന്റെയടുക്കൽ അവർക്കുള്ള പദവിയെയും ശ്രേഷ്ഠതയേയും നാം അംഗീകരിക്കുകയും ചെയ്യണം.അതോടൊപ്പം,വിജ്ഞാനത്തിന്റെ വിഷയത്തിലും സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിലും അവരുടെ പിൻഗാമികളേക്കാൾ അവർക്കുള്ള ശ്രേഷ്ഠതയെയും നാം അംഗീകരിക്കണം.

26. ഇസ്ലാമിക പണ്ഡിതൻമാരോട് ആദരവും സ്നേഹവും പ്രകടിപ്പിക്കുക. ഓർക്കുക, തിരുസുന്നത്തിന്റെയും സത്യമാർഗത്തിന്റെയും പ്രക്ഷേപകരാണവർ. പ്രവാചകൻ(ﷺ) തെളിയിച്ച സത്യദീപമണയാതെ തലമുറകളിലേക്ക് പകർന്നു നൽകുന്ന ഇസ്ലാമിന്റെ പണ്ഡിതരെ നാം അവരർഹിക്കുന്ന ആദരവോടെ ഗണിക്കുക. ഇത് പ്രവാചക(ﷺ)ന്റെ ശരിയായ മാർഗം പിൻപറ്റലാണ്. തന്റെ സ

മുദായത്തിന്ന് നാളെയുടെ രക്ഷാമാർഗം നീട്ടി തന്ന ന മ്മുടെ തിരുദൂതർക്ക് നമ്മുടെ മേലുള്ള അവകാശമാണ് ആ ചര്യയുടെ ശരിയായ പിൻപറ്റൽ.

## കുടുംബത്തിന്റെയും സമൂഹത്തിന്റെയും കടമകൾ

27. നമ്മുടെ സന്താനങ്ങളിൽ പ്രവാചകൻ(ﷺ)യോടുള്ള അഭിവാഞ്ചയും സനേഹവും ഉണർത്തുക.

28. പ്രവാചകൻ(ﷺ)യുടെ അത്യുത്കൃഷ്ടമായ മാതൃക പിന്തുടരാൻ നമ്മുടെ സന്താനങ്ങളെ സജ്ജരാക്കുക.

29. റസൂൽ തിരുമേനി(ﷺ)യുടെ ജീവിതം പ്രതിപാദ്യ വി ഷയമായ പുസ്തകങ്ങൾ വീടുകളിൽ സൂക്ഷിക്കുക.

30. കുടുംബസമേതം ശ്രവിക്കുന്നതിനായി പ്രവാചകതി രുമേനി(ﷺ)യുടെ ജീവിതം വിവരിക്കുന്ന റെക്കോർഡു ചെയ്ത പ്രസംഗങ്ങൾ വീടുകളിൽ കൊണ്ടുവെക്കുക.

31. സമ്പൂർണ്ണമായും ഇസ്ലാമിക വിഷയങ്ങൾ മാത്രം ഉൾക്കൊള്ളുന്ന കാർട്ടൂണുകൾ നമ്മുടെ കുട്ടികൾക്ക് കാണിച്ചു കൊടുക്കാവുന്നതാണ്.

32. കുടുംബത്തോടൊപ്പം ഇസ്ലാമിക വിഷയങ്ങൾ പ ഠിക്കുന്നതിനായി എല്ലാ ആഴ്ചയിലും ഒരു നിശ്ചിത സമയം മാറ്റി വെക്കുക.

33. ഭാര്യാഭർത്താക്കന്മാരെന്ന നിലക്ക്,കുടുംബകാര്യങ്ങ ളിൽ ഇടപെടുമ്പോൾ മുഹമ്മദ് നബി(ﷺ)യുടെ മാതൃക പിന്തുടരുക.

34. അല്ലാഹുവിനെ സ്മരിക്കുന്നതിനായി മുഹമ്മദ് ന ബി(ﷺ) ഉപയോഗിച്ച ദിക്റുകളും ദുആകളും മനഃപാഠ

മാക്കാനും ജീവിതത്തിൽ പകർത്താനും നമ്മുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

35. മുഹമ്മദ് നബി(ﷺ) പ്രോത്സാഹിപ്പിച്ച ദാനശീലം വളർത്തുന്നതിന്റെ ഭാഗമായി,നമ്മുടെ കുട്ടികളുടെ സമ്പാദ്യത്തിൽ നിന്നുള്ള ഒരോഹരി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കി വെക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക. അനാഥകളുടെയും, ദരിദ്രരെ സഹായിക്കൽ തുടങ്ങിയവ അവയിൽ ചിലതാണ്. സുന്നത്ത് പ്രയോഗവത്കരിക്കുന്നതിന്റെ ഏറ്റവും ഉദാത്തമായ ഒരു മാതൃകയാണിത്.

36. പ്രവാചക(ﷺ)ന്റെ ചില മഹദ്വചനങ്ങളെ നിത്യേനയുള്ള സംസാരത്തിൽ ഉപയോഗിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക.

ഉദാ:–"സത്യവിശ്വാസി ബുദ്ധിമാനും ജ്ഞാനിയുമാണ്". "ഒരു സത്യവിശ്വാസിക്ക് ഒരേ മാളത്തിൽ നിന്ന് രണ്ട് തവണ കടിയേൽക്കുകയില്ല". "കാര്യങ്ങൾ എളുപ്പമാക്കുക. ഒരിക്കലും സങ്കീർണ്ണമാക്കരുത്".

37. കുട്ടികൾക്കായി ഇസ്ലാമിക വൈജ്ഞാനിക മത്സരങ്ങൾ കുടുംബ സദസ്സുകളിൽ സംഘടിപ്പിക്കുക. നബിചര്യയെ കുറിച്ചുള്ള അവരുടെ അറിവ് പരിശോധിക്കാൻ ഇതിലൂടെ സാധിക്കും.

38. കുട്ടികൾക്കായി "പ്രവാചക ജീവിതത്തിലെ ഒരേട്" എന്നോ മറ്റോ നൽകിയ തലക്കെട്ടുകളിൽ തിരഞ്ഞെടുത്ത ദിവസങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക. ഇതവരെ പ്രവാചക(ﷺ)നിലേക്കടുപ്പിക്കാൻ വളരെ സഹായിക്കും.

## വിദ്യാഭ്യാസ മേഖല

39. നബി(ﷺ)യുടെ പിൻഗാമികളെന്ന നിലക്ക് നബി(ﷺ)ക്ക് നമ്മോടുള്ള ബാധ്യതകളെ കുറിച്ച് വിദ്യാർത്ഥികളെ പഠിപ്പിച്ച് അവരുടെ ഹൃദയത്തിൽ നബി(ﷺ)യോടുള്ള സ്നേഹം പരിപോഷിപ്പിക്കണം.

40. റസൂൽ(ﷺ)യുടെ ജീവിതത്തിന്റെ വ്യത്യസ്ത മേഖലകൾ സ്പർശിച്ചുകൊണ്ടുള്ള ക്ലാസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

41. 'ഇസ്‌ലാമിക് സ്റ്റഡീസി'ന്റെ പാഠ്യ ക്രമത്തിൽ "മുഹമ്മദ് നബി(ﷺ)യുടെ ജീവിതം" എന്ന പേരിൽ ഒരു വിഷയം കൂട്ടിച്ചേർക്കാൻ വിദ്യാഭ്യാസ മേധാവികളോട് ആവശ്യപ്പെടുക.

42. പാശ്ചാത്യൻ സർവകലാശാലകളിൽ പ്രവാചക(ﷺ)ന്റെ ജീവചരിത്രം പഠിപ്പിക്കാനുള്ള പ്രൊഫസർമാരെ നിയമിക്കുന്നതിന് സാമ്പത്തിക സഹായം നൽകാവുന്നതാണ്.

43. പ്രവാചക ജീവിതത്തെക്കുറിച്ചുള്ള ഗൗരവമായ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക. പണ്ഡിതൻമാർക്ക് അവരുടെ ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കാനുള്ള സഹായം നൽകുക.

44. ഇസ്ലാമിന്റെ ആഗോള പ്രചരണാർത്ഥം പ്രവാചക(ﷺ)നെ പരിചയപ്പെടുത്തിക്കൊണ്ട് സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും എക്സിബിഷനുകൾ സംഘടിപ്പിക്കുക.

45. ലൈബ്രറികളിലെ പ്രധാനമേഖലകൾ പ്രവാചക(ﷺ)നെ കുറിച്ചുള്ള പുസ്തകങ്ങൾക്കായി മാറ്റിവെക്കുക.

46. പ്രവാചക(ﷺ)ന്റെ ജീവിതത്തെ കുറിച്ച് അമൂല്യവും വൈജ്ഞാനികവുമായ റഫറൻസ് ഗ്രന്ഥങ്ങൾ വികസിപ്പിക്കുക.

47. കാമ്പസുകളിൽ വാർഷിക മത്സരം സംഘടിപ്പിക്കുക.മുഹമ്മദ് നബി(ﷺ)യെയും അവിടുത്തെ ജീവിതത്തെയും കുറിച്ച് ആധികാരികമായ ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും സമ്മാനങ്ങളും നൽകാവുന്നതാണ്.

48. മുഹമ്മദ് നബി(ﷺ)യോടുള്ള സ്നേഹം പരിപോഷിപ്പിക്കുന്നതിനും സുന്നത്തിന്റെ പ്രായോഗിക രൂപം പഠിപ്പിച്ചു കൊടുക്കുന്നതിനും വേണ്ടി യുവജന കേമ്പുകൾ സംഘടിപ്പിക്കുക.

49. മുഹമ്മദ് നബി(ﷺ)യുടെ ജീവിത മാതൃക അനുധാവനം ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി ഭാവിയിലെ നേതാക്കൾക്കായി പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക.

## ഇസ്ലാമിക പ്രവർത്തന മേഖലയിൽ നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ

50. പ്രവാചകൻ(ﷺ) പ്രബോധനം ചെയ്ത സന്ദേശത്തിന്റെ സവിശേഷതകൾ വിവരിക്കുക. പരിശുദ്ധവും അന്യൂനവുമായ മതമായിട്ടാണ് അവിടുന്ന് വന്നതെന്നും മനുഷ്യകുലത്തെ മുഴുവൻ നിഷ്കളങ്കമായ ഏകദൈവാരാധനയിലേക്ക് മാർഗദർശനം നൽകുക മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യമെന്നും ഊന്നിപ്പറയുക.

51. മുഴുവൻ മനുഷ്യരെയും ഇസ്ലാമിന്റെ പാതയിലേക്ക് (വിജയത്തിന്റെ പാതയിലേക്ക്) ക്ഷണിക്കാൻ നമ്മുടെ ഓരോ വിയർപ്പു കണവും നാം ഉപയോഗിക്കണം.

52. പ്രവാചക സിദ്ധിക്കു മുമ്പുതന്നെ റസൂൽ(ﷺ) കാണിച്ച അമൂല്യവ്യക്തി പ്രഭാവത്തിന്റെ അതുല്യത അനാവരണം ചെയ്തു കൊണ്ട് നാം നമ്മുടെ പ്രവാചക(ﷺ)ന്റെ പരിശുദ്ധി ലോകത്തിന് സമർപ്പിക്കണം.

53. പ്രവാചക പുങ്കവന്റെ അമൂല്യമായ വ്യക്തി വൈശിഷ്ട്യവും അനിതര സാധാരണമായ സ്വഭാവ വൈശിഷ്ട്യവും ലോകത്തിന് വെളിവാക്കിക്കൊണ്ട് നാം അമുസ്ലീം ലോകത്തിന്റെ താത്പര്യവും ശ്രദ്ധയും നേടണം.

54. സ്വന്തം കുടുംബത്തോടും അയൽവാസികളോടും അനുയായികളോടും തിരുദൂതൻ(ﷺ) വർത്തിച്ച പെരുമാറ്റത്തിന്റെ ഉദാഹരണങ്ങൾ ലോകത്തിന് നാം വിവരിച്ചു കൊടുക്കുക.

55. തന്നോട് ശത്രുത പ്രഖ്യാപിച്ച ക്രിസ്ത്യാനികൾ, ജൂതൻമാർ, അവിശ്വാസികൾ, വിഗ്രഹാരാധകർ എന്നിവരോട് പ്രവാചകൻ(ﷺ) ഇടപഴകിയതിന്റെ ഉദാഹരണങ്ങൾ നിരത്തി ഇസ്ലാമിന്റെയും പ്രവാചകൻ(ﷺ)ന്റെയും ശൈലിയും ലക്ഷ്യവും ലോകത്തിന് സമർപ്പിക്കുക.

56. തന്റെ ദൈനംദിന കാര്യങ്ങൾ പ്രവാചകൻ(ﷺ) എത്ര സത്യസന്ധമായാണ് ചെയ്തിരുന്നത് എന്ന് നമുക്ക് വിശദീകരിച്ചുകൊടുക്കാം.

57. വെള്ളിയാഴ്ച ഖുതുബകളിലെ ഒരു ഭാഗം ആ പുണ്യ പുരുഷന്റെ വ്യക്തി പ്രഭാവം ചർച്ച ചെയ്യാനും പകർന്നു നൽകാനുമായി നീക്കി വെക്കുക.

58. നമസ്കാരങ്ങൾക്ക് ശേഷം നാം പാരായണം ചെയ്ത വരികളിലെ പ്രവാചകസ്തുതികൾ ഓർമ്മിക്കുകയും അതിന്റെ പ്രാധാന്യം ജീവിതത്തിൽ പകർത്തുകയും ചെയ്യുക.

59. ഖുർആൻ മനഃപാഠമാക്കാൻ നാം ഒത്തുകൂടുന്ന അതേ രൂപത്തിൽ തന്നെ സുന്നത്ത് മനഃപാഠമാക്കുന്നതിന് വേണ്ടിയും പഠന ക്ലാസുകൾ സംഘടിപ്പിക്കുക.

60. പൊതുജനങ്ങൾക്കിടയിൽ സുന്നത്തിനെകുറിച്ചുള്ള തെറ്റിദ്ധാരണകൾ അകറ്റുകയും നിത്യജീവിതത്തിൽ നബിചര്യ പിൻപറ്റുന്നതിന്റെ പ്രാധാന്യം വിവരിച്ചു കൊടുക്കുകയും ചെയ്യുക.

61. മുഹമ്മദ് നബി(ﷺ)യെ ആക്ഷേപിക്കുന്നവരെ സംബന്ധിച്ച് പണ്ഡിതൻമാർ പുറപ്പെടുവിച്ച ഫത്‌വകളിലേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയും അത്തരക്കാരെ നാം ബഹിഷ്കരിക്കണമെന്ന കാര്യം ഊന്നിപ്പറയുകയും ചെയ്യുക.

62. ലളിതമായ പ്രബോധന വഴികളിലൂടെ പ്രവാചക മാഹാത്മ്യം ജനത്തെ ധരിപ്പിച്ചു കൊണ്ട് അവരെ ദീനിലേക്ക് തിരിച്ചു കൊണ്ടു വരാൻ പരിശ്രമിക്കുക.

63. പ്രവാചകനോടുള്ള ജനങ്ങളുടെ ആദരം അതിരു കവിയുന്നതിനെ തൊട്ട് താക്കീത് നൽകുന്നതിനും അതിരു കവിച്ചിലിനെയും അമിത വ്യയത്തെയും വിലക്കിക്കൊണ്ടുള്ള ഖുർആൻ വചനങ്ങൾ വിവരിക്കുന്നതിനും മാദ്ധ്യമങ്ങളെ ഉപയോഗപ്പെടുത്തുക. ഖുർആനിൽ അല്ലാഹു പറയുന്നു: “നിങ്ങളുടെ മതത്തിൽ നിങ്ങൾ അതിരു കവിയരുത്”.ഇതേ കാര്യത്തെക്കുറിച്ചുള്ള ഹദീസും ഇതിന്നായി ഉദ്ധരിക്കാം.റസൂൽ(ﷺ) പറയുന്നു: ക്രി

സ്ത്യാനികൾ മറിയമിന്റെ മകനെ പരിശുദ്ധപ്പെടുത്തിയതുപോലെ എന്നെ നിങ്ങൾ പരിശുദ്ധപ്പെടുത്തരുത്''. പ്രവാചക സ്നേഹം പ്രകടമാക്കേണ്ടത് അദ്ദേഹത്തിന്റെ ചര്യയെ യഥാർത്ഥമായി പിൻപറ്റിയായിരിക്കണം എന്ന് ജനതയെ മനസ്സിലാക്കുക.

64. ആധികാരികസ്രോതസ്സുകളിലൂടെ പ്രവാചക ജീവിതത്തെക്കുറിച്ച് വായിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക.അത്തരം സ്രോതസ്സുകൾ മനസ്സിലാക്കിക്കൊടുക്കുകയും അവ ലഭ്യമാക്കുകയും വേണം.

65. മുഹമ്മദ് നബി(ﷺ)യെ കുറിച്ചും അദ്ദേഹത്തിന്റെ ജീവിതത്തെ കുറിച്ചും പ്രചരിക്കുന്ന തെറ്റിദ്ധാരണകളും അപവാദങ്ങളും നാം ഖണ്ഡിക്കുകയും പ്രതിരോധിക്കുകയും ചെയ്യുക.

## മാധ്യമ-സാംസ്കാരിക മേഖലയിൽ നമുക്ക് ചെയ്യാവുന്നത്

66. മുഹമ്മദ് നബി(ﷺ)യുടെ ശോഭനമായ വ്യക്തിത്വത്തെ പരിചയപ്പെടുത്തുന്നതിന് മാധ്യമ സാംസ്കാരിക വേദികൾ ഉപയോഗപ്പെടുത്തുക.

67. പ്രവാചകചര്യക്ക് വിരുദ്ധമായ എതൊരു ഗ്രന്ഥവും പ്രക്ഷേപണവും പ്രസിദ്ധീകരിക്കപ്പെടുന്നത് എന്ത് വില കൊടുത്തും തടയുക.

68. പാശ്ചാത്യ മാധ്യമങ്ങളെ എതിർക്കുകയും അവരഴിച്ച് വിടുന്ന മത വിധ്വംസക പ്രവർത്തനങ്ങളെയും പ്രവാചക നിന്ദയെയും ഖണ്ഡിക്കുകയും ചെയ്യുക.

69. മുഹമ്മദ് നബി(ﷺ)യെ കുറിച്ചും അവിടുത്തെ സന്ദേശത്തെ കുറിച്ചും തുറന്ന് ചർച്ച ചെയ്യാവുന്ന മിതവാദി

കളായ അമുസ്‌ലിം ചിന്തകരെയുമായി പത്ര സമ്മേളന ങ്ങൾ വിളിച്ചു ചേർക്കുക.

70. മുഹമ്മദ് നബി(ﷺ)യെ കുറിച്ച് നിഷ്പക്ഷരായ അമു സ്‌ലിം ചിന്തകൻമാർ പറഞ്ഞ അഭിപ്രായങ്ങൾ പ്രസി ദ്ധീകരിച്ച് പ്രചരിപ്പിക്കുക.

71. മുഹമ്മദ് നബി(ﷺ)യുടെ ജീവിതവും സന്ദേശവും ച ർച്ച ചെയ്യുന്നതിനായി സമ്മേളനങ്ങളും കൺവെൻഷ നുകളും നടത്തുക.ആ സന്ദേശങ്ങൾ എങ്ങനെ കാലദേ ശ വ്യത്യാസമന്യേ സ്വീകാര്യമാകുമെന്ന് തെളിവ് നിര ത്തി സമർത്ഥിക്കുക.

72. മത്സരാർഥികൾക്ക് സമ്മാനങ്ങൾ പ്രഖ്യാപിച്ചുകൊ ണ്ട്, പ്രവാചക ജീവിതത്തെ കുറിച്ചുള്ള വിജ്ഞാനം അ ളക്കുന്നതിനായി മത്സരങ്ങൾ സംഘടിപ്പിക്കുക. അത് ദൃശ്യ മാധ്യമങ്ങളിലൂടെ സംപ്രേക്ഷണം ചെയ്യേണ്ടതാ ണ്.

73. പ്രവാചകനെക്കുറിച്ചുള്ള ആധികാരിക വിവരങ്ങളട ങ്ങിയ ലഘുലേഖകൾ, കഥകൾ, ഉപന്യാസങ്ങൾ എന്നി വ പ്രസിദ്ധീകരിച്ച് പ്രചരിപ്പിക്കുക.

74. പത്ര പ്രസിദ്ധീകരങ്ങളുടെ എഡിറ്റോറിയൽ ബോർ ഡുമായി ബന്ധപ്പെട്ട് അവയിൽ ഖുർആനും പ്രവാച വ ചനങ്ങളും, മുസ്‌ലീംകൾ എന്ത് കാരണത്താലാണ് ത ങ്ങളുടെ പ്രവാചക(ﷺ)നെ സ്നേഹിക്കുകയും അവിടു ത്തെ മാതൃക പിൻപറ്റുകയും ചെയ്യുന്നത് എന്നതും ഉ ൾപ്പെടുത്തിക്കൊണ്ട് ഒരു സ്ഥിരം പംക്തിയും നൽകാ ൻ ആവശ്യപ്പെടുക.

75. ടെലിവിഷൻ പോലുള്ള ദൃശ്യമാധ്യമങ്ങളുടെ ഉടമകളുമായി ബന്ധപ്പെട്ട് പ്രവാചക(ﷺ)നെ കുറിച്ചുള്ള പരിപാടികൾ അവതരിപ്പിച്ച് കുടുംബജീവിതം,സാമൂഹ്യ ജീവിതം, സന്താനപരിപാലനം, ദാമ്പത്യ ജീവിതം എന്നീ മേഖലകളിലെ പ്രവാചകചര്യ സമൂഹത്തിലെത്തിക്കുക.

76. പ്രവാചക(ﷺ)നെ കുറിച്ച് ഉന്നത നിലവാരമുള്ള വീഡിയോ പരിപാടികൾ  തയ്യാറാക്കുന്നതിന് പ്രൊഡക്ഷൻ സ്റ്റുഡിയോയുമായി ബന്ധപ്പെടുക.

77.നമ്മുടെ പ്രദേശത്തുള്ള പ്രാദേശിക ചാനലുകൾ സാറ്റലൈറ്റ് മാദ്ധ്യമങ്ങൾ എന്നിവയിലൂടെ പ്രവാചകൻ(ﷺ)യുടെ ചര്യ പ്രോദ്ഘോഷിക്കുന്ന പരിപാടികളും കുട്ടികൾക്കായുള്ള മത്സരങ്ങളും പ്രക്ഷേപണം ചെയ്യുക.

## ഇസ്ലാമിക സംഘടനകളും ധാർമ്മിക പ്രവർത്തനങ്ങളും

78. സംഘടനകളിൽ പ്രവാചകചര്യയുടെ പരിപോഷണത്തിന് മാത്രമായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുക.

79. ദേശീയ അന്തർദേശീയ എക്സിബിഷനുകൾ, കൺവെൻഷനുകൾ എന്നിവ നടക്കുമ്പോൾ നമ്മുടെ സംഘടനയുടെ പവലിയനുകൾ നേരത്തെ ബുക്ക് ചെയ്ത് അവയിൽ പ്രവാചകചര്യയുടെയും ജീവിതത്തിന്റെ വിവിധ കൃതികളും സന്ദേശങ്ങളും വിതരണം ചെയ്യുക.

80. സംഘടനകളുടെ മേൽനോട്ടത്തിൽ പ്രചാരണ വിഭാഗങ്ങൾ ആരംഭിച്ച് അവയിലൂടെ ഇസ്ലാമിന്റെയും പ്രവാചകന്റെയും സന്ദേശങ്ങൾ അച്ചടിച്ച് വിതരണം നടത്തുക.

81. പ്രവാചകചര്യയെ ഏറ്റവും നന്നായി പരിചയപ്പെടുത്തുന്ന വ്യക്തിക്ക് ഒരു പ്രത്യേക അവാർഡ് നൽകുക. അവാർഡ് ദാനച്ചടങ്ങിന് പ്രമുഖ വ്യക്തിത്വങ്ങളെ ക്ഷണിക്കുക.

82. ആഗോളാടിസ്ഥാനത്തിൽ വിവിധ വിദേശ ഭാഷകളി ലായി പ്രിന്റു ചെയ്ത കൃതികളുടെ വിതരണം യൂണിവേഴ്സിറ്റികൾ,പബ്ലിക്ക് ലൈബ്രറികൾ എന്നിവ കേന്ദ്രീ കരിച്ച് നടത്തുക.

83.സൽസ്വഭാവത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവാചക(ﷺ)ന്റെ ജീവിതവും സന്ദേശങ്ങളും പ്രതിപാദിക്കുന്ന ആനുകാലികങ്ങൾ പ്രസിദ്ധീകരിച്ച് സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുക.

84. പ്രവാചക(ﷺ)ന്റെ ജീവിതവും സന്ദേശങ്ങളും എല്ലാ മേഖലകളിലും എത്തിക്കുന്നതിനായി പ്രത്യേക ഫണ്ടുകൾ ശേഖരിക്കുക. ഇവ വിവിധങ്ങളായ ആവശ്യത്തിന്ന് അഥവാ പ്രസാധനം, വിതരണം, എക്സിബിഷൻ മതസൗഹാർദ സമ്മേളനങ്ങൾ എന്നിവയുടെ സംഘാടനത്തിന്ന് ഉപയോഗിക്കാം.

## ഇന്റർനെറ്റ്

85. സൈബർ ലോകത്ത് ഇസ്ലാമിന്റെ തനതായ ശൈലിയിൽ വെബ്സൈറ്റുകൾ രൂപീകരിച്ച് മുഴുവൻ പ്രവാചകരെയും സ്നേഹിക്കാനും ആദരിക്കാനും ഇസ്ലാം പഠിപ്പിക്കുന്നതിന്റെ രൂപം കാണിച്ചു കൊടുക്കുക.

86. പ്രവാചക ചര്യയുടെ പ്രചരണാർത്ഥം വെബ്സൈറ്റുകളും ഓൺലൈൻ ന്യൂസ് ഗ്രൂപ്പുകളും സ്ഥാപിക്കുക. തുടക്കമെന്ന നിലയിൽ, നിലവിലുള്ള വെബ്സൈറ്റു

കളിൽ വെബ് പേജുകൾ അതിനായി മാറ്റി വെക്കാവുന്നതാണ്.

87. അമുസ്‌ലീംകളുമായി ഓൺലൈൻ ചാറ്റുകൾ നടത്തി പ്രവാചക(ﷺ)ന്റെ വ്യക്തിത്വം പഠിക്കാൻ അവരോട് ആവശ്യപ്പെടുകയും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യുക.

88. നമ്മുടെ ഇ–മെയിലുകൾക്ക് ചുവട്ടിൽ അനുയോജ്യമായ ഹദീഥുകൾ ഉൾക്കൊള്ളിക്കുക.

89. പ്രവാചക ജീവിതത്തിന്റെ ഉൾത്തുടിപ്പുകളും സന്ദേശങ്ങളുമുൾക്കൊള്ളുന്ന– മനസ്സിന്റെ അഗാധതലങ്ങളെ സ്പർശിച്ച് മാനസിക വിചിന്തനത്തിന് സാദ്ധ്യമാക്കുന്ന ന്യൂസ് ലെറ്ററുകൾ ഓൺലൈൻ വഴി പ്രചരിപ്പിക്കുക.

90. പ്രധാനപ്പെട്ട സെർച്ച് എൻജിനുകളിൽ, ഉചിതമായ പുസ്തകങ്ങളെയും പ്രബന്ധങ്ങളെയും കുറിച്ചുള്ള കുറിപ്പുകൾ പോസ്റ്റ് ചെയ്യുക.

## നമ്മുടെ സമ്പത്തിലൂടെയും ഇസ്ലാമിക ഗവൺമെന്റിലൂടെയും പ്രവാചകചര്യാ പ്രചാരണത്തിന് ചെയ്യാൻ കഴിയുന്നവ:

91. പ്രവാചക സന്ദേശങ്ങളുടെ പ്രചാരണത്തിനായി സമ്പത്തിലൊരു വിഹിതം എപ്പോഴും മാറ്റി വെയ്ക്കുക.

92. തിരുദൂതരു(ﷺ)ടെ സന്ദേശങ്ങൾ കുറിക്കുന്ന ചെറിയ സ്റ്റിക്കറുകൾ, ബിൽബോർഡുകൾ എന്നിവ കഴിയുന്നിടത്തെല്ലാം സ്ഥാപിക്കുക.

93. തിരുസുന്നത്തും ഹദീസും പ്രചരിപ്പിക്കാനായി പുതിയ സംരംഭങ്ങൾ ആരംഭിക്കുക–റേഡിയോ സ്റ്റേഷനുകൾ, ടെലിവിഷൻ കേന്ദ്രങ്ങൾ, പ്രസിദ്ധീകരണ സ്ഥാപ

നങ്ങൾ എന്നിവയിലൂടെ ലോകത്താകമാനം പ്രചരിപ്പിക്കുന്ന രീതിയിൽ ഇവയുടെ പ്രക്ഷേപണം സാദ്ധ്യമാക്കുക. ഇംഗ്ലീഷിൽ കൂടുതൽ കാര്യങ്ങൾ അവതരിപ്പിക്കുന്നത് കൂടുതൽ പേർക്ക് അവ അറിയാൻ സാദ്ധ്യമാക്കും.

94. നമ്മുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിവിധ രാജ്യങ്ങളിലെ റേഡിയോ - ടെലിവിഷൻ സ്റ്റേഷനുകൾക്ക് പണം നൽകാവുന്നതാണ്.

95. പ്രവാചക ജീവിതവും സന്ദേശവും ഗവേഷണ വിഷയമാക്കി പ്രത്യേക കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുക. ഇവ എല്ലാ ഭാഷകളിൽ നിന്നും വരുന്നവർക്കുതകും വിധം സജ്ജീകരിക്കുന്നത് ആഗോള പ്രചാരണത്തിന് വേദിയൊരുക്കുക തന്നെ ചെയ്യും.

96. പ്രവാചക ജീവിതം, സന്ദേശം, രചനകൾ, ഗ്രന്ഥങ്ങൾ എന്നിവക്കായി പ്രത്യേക മ്യൂസിയം, ലൈബ്രറികൾ എന്നിവ സ്ഥാപിക്കുക.

97. പ്രവാചക സന്ദേശ പ്രചാരണം നടത്തുന്ന വെബ്സൈറ്റുകൾക്ക് സാമ്പത്തിക സഹായം നൽകുക.

98. വിവിധ ഭാഷകളിലുള്ള ഉന്നത നിലവാരം പുലർത്തുന്ന ഗ്രന്ഥങ്ങൾ, ഓഡിയോ റിക്കോർഡിങ്ങുകൾ,ടെലിവിഷൻ പരിപാടികൾ എന്നിവയുടെ നിർമ്മാണത്തിനായി ധനസഹായം നൽകുക.

99. പ്രവാചക സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ സംഘടിപ്പിക്കുന്ന മത്സരങ്ങൾക്ക് സമ്മാനങ്ങൾ നൽകി നമ്മുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പുവരുത്തുക.

100.നൂറാമത്തെ മാർഗ്ഗം– പ്രിയപ്പെട്ട അനുവാചകാ– അത് നിങ്ങൾക്കായി വിട്ടു തന്നിരിക്കുന്നു.അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും സ്വാഗതം.ദയവായി നിങ്ങളുടെ നിർദ്ദേശങ്ങൾ ഇ–മെയിൽ ചെയ്യുക.

info@icsfp.com

പ്രിയപ്പെട്ട മുസ്‌ലിം വായനക്കാരാ, നമ്മുടെ പ്രിയപ്പെട്ട പ്രവാചക(ﷺ)നെ പിന്തുണക്കാൻ നാമോരോരുത്തർക്കും കഴിയുന്നത്ര കാര്യങ്ങൾ ചെയ്യേണ്ടത് നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ കർത്തവ്യമാണ്. ഒരു വ്യക്തിയും ഈ കാര്യത്തിൽ അലസനായിരിക്കാനിട വരരുത് എന്നത് കൊണ്ടാണ് ഈ നിർദ്ദേശങ്ങളുടെ നീണ്ട പട്ടിക തന്നെ നാം താങ്കൾക്കായി സമർപ്പിച്ചിരിക്കുന്നത്. ഒത്തൊരുമിച്ച് പ്രവർത്തിച്ചു കൊണ്ട് ഈ നിർദ്ദേശങ്ങൾ നമുക്ക് കഴിയുന്നത്ര ജനങ്ങളിലേക്ക് പ്രചരിപ്പിക്കാൻ യത്നിക്കാം. സഹോദരാ, ഇത് നമ്മുടെ കൂട്ടായ യജ്ഞമാണ്. നമ്മുടെ കുടുംബത്തെയും കൂട്ടുകാരെയും ഇതിൽ ഭാഗഭാക്കാക്കുക. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി ഏതു ചെറിയ ശ്രമങ്ങളിലേർപ്പെടേണ്ടി വന്നാലും ഒട്ടും മടി കാണിക്കാതെ അതിൽ വ്യാപൃതനാവുക.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

************